"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - പോഷകബാല്യം പദ്ധതിക്ക് **2024-25** സാമ്പത്തിക വർഷം അഡ്വാൻസ് തുക അനുവദിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.393/2024/WCDD തീയതി,തിരുവനന്തപുരം, 07-10-2024

---

പരാമർശം:-
1. വനിത ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 17-04-2024 തീയതിയിലെ WCD-B1/75/2024-WCD കത്ത്
2. വനിത ശിശു വികസന ഡയറക്ടറുടെ 14.06.2024 ലെ DWCD/1763/2024 നമ്പർ നടപടിക്രമം
3. വനിത ശിശു വികസന ഡയറക്ടറുടെ 08.07.2024 ലെ DWCD/1763/2024-ICDSB1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024-25 സാമ്പത്തിക വർഷം പോഷകബാല്യം പദ്ധതിയ്ക്കായി 2235-02-102-22 പ്ലാൻ ശീർഷകത്തിൽ 6350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിന്ന സാഹചര്യത്തിൽ അങ്കണവാടികളിൽ പാൽ, മുട്ട വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി താൽക്കാലിക പർച്ചേസ് മുഖേന പദ്ധതി തുടരുന്നതിനു പരാമർശം (1) പ്രകാരം നിർദേശം നൽകിയിരുന്നു.

(2) പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതിനാലും പദ്ധതി ഒരു തുടർ പദ്ധതി ആയതിനാലും, ഫീഡിംഗ് തടസം ഒഴിവാക്കുന്നതിനായി 2024 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള പദ്ധതി നടത്തിപ്പിനായി പരാമർശം (2) പ്രകാരം ജില്ലകൾക്ക് ആദ്യ ഗഡുവായി മുട്ടയ്ക്ക് 3,67,23,500/- രൂപയും പാലിന് 3,82,76,500/- ചേർത്ത് ആകെ 7,50,00,000/- (ഏഴ് കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപ പരാമർശം (2) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അനുവദിച്ചു നൽകിയിരുന്നു. ആയതിനാൽ, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അനുമതി ലഭിക്കുന്നതിനു മുൻപായി പദ്ധതി തടസ്സം കൂടാതെ നടത്തുന്നതിനായി അടിയന്തര സാഹചര്യം കണക്കിലെടുത്ത് ജില്ലകൾക്ക് ഫണ്ട് അനുവദിച്ച നടപടിയ്ക്ക് സാധൂകരണം നൽകണമെന്നു പരാമർശം (3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫീഡിംഗ് തടസം ഒഴിവാക്കുന്നതിനായി 2024 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള പദ്ധതി നടത്തിപ്പിനായി ജില്ലകൾക്ക് ആദ്യ ഗഡുവായി

മുട്ടയ്ക്ക് 3,67,23,500/- രൂപയും പാലിന് 3,82,76,500/- രൂപയും ചേർത്ത് ആകെ 7,50,00,000/- (ഏഴ് കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ച ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
Date: 07-10-2024 16:26:04
സെക്ഷൻ ഓഫീസർ